Circular No. 217
**Renewal of Parish Council**
**& Pastoral Council**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 16-02-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

ക്രിസ്തുവിൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് സഭ. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുവാൻ ജ്ഞാനസ്നാനമേറ്റു"(1 കോറി 12:13). ഒരേ ശരീരത്തിൽ വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കുന്നവരെങ്കിലും ഒരേ മഹത്വമുള്ളവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരുമെന്ന നിലയിൽ മിശിഹായുടെ മൗതിക ശരീരമായ സഭ പടുത്തുയർത്തുന്നതിൽ വൈദികർക്കും സന്യസ്തർക്കും അൽമായ വിശ്വാസികൾക്കും തുല്യ പങ്കാളിത്തമാണുള്ളത് (L.G. 32). മെത്രാന്മാരുടെ അജപാലനത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന രൂപതയിൽ രൂപതാദ്ധ്യക്ഷനോട് ചേർന്നുനിന്നുകൊണ്ട് തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുസൃതമായി ക്രിസ്തീയ ജീവിത ദൗത്യം നിർവ്വഹിക്കുന്നതിന് ഓരോ ക്രൈസ്തവ വിശ്വാസിക്കും കടമയുണ്ട്.

നമ്മുടെ അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിക്കുന്ന സഭാ സംവിധാനങ്ങളാണല്ലോ അതിരൂപതാ തലത്തിൽ പാസ്റ്ററൽ കൗൺസിലും ഇടവക തലത്തിൽ പാരിഷ് കൗൺസിലും. അതിരൂപതയുടെയും ഇടവകയുടെയും നാനാവിധത്തിലുള്ള പുരോഗതിക്കുവേണ്ടി സമയവും ആരോഗ്യവും സമ്പത്തും വ്യയം ചെയ്ത് ആത്മാർത്ഥമായി സേവനം അർപ്പിച്ച് കഴിഞ്ഞ മൂന്ന് വർഷത്തെ തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്ന പാസ്റ്ററൽ കൗൺസിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. 2018-2020 വർഷത്തേക്കുള്ള പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും അതത് നടപടിക്രമം അനുസരിച്ച് തെരഞ്ഞെടുക്കണമെന്ന് അറിയിക്കുന്നു.

പാരിഷ് കൗൺസിൽ രൂപീകരണത്തിന് അതിരൂപതാ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും തുടർന്ന് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമസംഗ്രഹം: പ്രതിനിധിയോഗം Nos 9-12). നമ്മുടെ ഇടവകകളുടെ ഭരണസംവിധാനത്തിൽ ഏറെ പ്രാധാന്യമുള്ള പാരിഷ് കൗൺസിൽ അംഗങ്ങളിൽ ഭൂരിഭാഗവും കൂടാരയോഗങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. സാധിക്കുന്നിടത്തോളം തെരഞ്ഞെടുപ്പുകൾ പൊതു സമ്മതപ്രകാരം ആയിരിക്കണം. അല്ലെങ്കിൽ സന്നിഹിതരായ അംഗങ്ങളുടെ ഭൂരിപക്ഷത്തിലായിരിക്കണം നടത്തുന്നത്. പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ പാലിക്കേണ്ട ക്രമവും വ്യവസ്ഥകളും താഴെച്ചേർക്കുന്നു.

**1. ഔദ്യോഗികാധികാരം വഴിയുള്ള അംഗങ്ങൾ**

ഇടവക വികാരി, അസിസ്റ്റന്റ് വികാരി, തന്നാണ്ട് കൈക്കാരന്മാർ, ഇടവകയിൽ നിന്നുമുള്ള അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, അതിരൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ.

**2. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

താഴെപ്പറയുന്ന ക്രമപ്രകാരമായിരിക്കണം പ്രതിനിധിയോഗ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടത്.

- ♦ കൂടാരയോഗങ്ങൾ ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി 10 ൽ കുറയാതെയും 30 ൽ കൂടാതെയും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഓരോ കൂടാര യോഗത്തിന്റെയും പ്രസിഡന്റുമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ ആയിരിക്കുന്നത് അഭികാമ്യമാണ്.
- ♦ ഓരോ ഇടവകയിലെയും പ്രതിനിധി യോഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിൽ 30 ശതമാനം വനിതകൾ ആയിരിക്കുന്നത് അഭികാമ്യമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ സ്ത്രീകളുടെ എണ്ണം 10 ശതമാനത്തിൽ കുറയരുത്.
- ♦ ഇടവകയിലെ സമർപ്പിത സമൂഹത്തിന്റെ പ്രതിനിധി. ഇടവകയിൽ ഒന്നിൽ കൂടുതൽ സമർപ്പിത സമൂഹങ്ങൾ ഉണ്ടെങ്കിൽ അത്തരം സമൂഹങ്ങളുടെ പ്രതിനിധികളുടെ യോഗം ഇടവക വികാരി വിളിച്ചു കൂട്ടി ഒരാളെ തെരഞ്ഞെടുക്കണം.
- ♦ ഇടവകയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഇടവകാംഗമായ പ്രതിനിധിയെയും ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽ നിന്നും ഇടവകാംഗമായ ഒരു പ്രതിനിധിയെയും വികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തെരഞ്ഞെടുക്കേണ്ടതാണ്.

**3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെ ഇടവക വികാരിയുമായി ആലോചിച്ച് ആവശ്യമെങ്കിൽ അതിരൂപതാദ്ധ്യക്ഷൻ നിയമിക്കുന്നു.

കൂടാരയോഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെയും ഇടവകയിലെ വിവിധ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്നവരെയും ഉൾപ്പെടുത്തിയ ലിസ്റ്റ് 2018 മെയ് 15 ന് മുമ്പായി അതിരൂപതാ കൂരിയായിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2018 മെയ് 27-ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. അതിരൂപതയിലെ അജപാലന കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഓരോ പാരിഷ് കൗൺസിൽ അംഗത്തിനും ഓരോ കമ്മീഷന്റെ ചുമതല നൽകണമെന്നും അറിയിക്കുന്നു.

അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രായോഗിക നിഗമനങ്ങൾ സമർപ്പിക്കുന്നതിനുള്ള ആലോചനാ സമിതിയാണ് (Consultative Body) പാസ്റ്ററൽ കൗൺസിൽ (CCEO cc. 272-275).

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളും സഭയുടെ പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായർ എന്നിവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും സാമൂഹിക സേവന സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമുദായ സംഘടനകൾ, ഭക്ത സംഘടനകൾ എന്നിവയുടെയും ഇതര സേവന രംഗങ്ങളിലെ പ്രവർത്തകരുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ചിരിക്കുന്ന ഒരു സമിതിയാണ് നമ്മുടെ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ.

പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനയിൽ നിന്നും നാല് പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിൽ രണ്ടും പേർ പുരുഷന്മാരും രണ്ടുപേർ സ്ത്രീകളുമായിരിക്കണം. അതിനായി ഓരോ ഇടവകയിൽ നിന്നും ഇരുപതോ അതിൽ താഴെയോ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും രണ്ട് പേരെയും ഇരുപതിൽ കൂടുതൽ അംഗങ്ങളുള്ള പാരിഷ് കൗൺസിലിൽ നിന്നും മൂന്ന് പേരെയും തെരഞ്ഞെടുക്കണം. ഓരോ ഇടവകയിൽ നിന്നുമുള്ള പ്രതിനിധികളിൽ ഒരു വനിതയെങ്കിലും ഉണ്ടായിരിക്കണം. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ മെയ് മാസം 30-ാം തീയതിക്കു മുമ്പായി ഫൊറോന വികാരിയുടെ നേതൃത്വത്തിൽ സമ്മേളിച്ച് നാല് പേരെ പാസ്റ്ററൽ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഫൊറോനയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ ജൂൺ 10 ന് മുമ്പായി അതിരൂപതാ കൂരിയായിൽ ബഹു. ഫൊറോന വികാരി എത്തിക്കേണ്ടതുമാണ്. പുതുതായി രൂപവത്ക്കരിക്കപ്പെടുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ യോഗം ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതുമാണ്.

പാരിഷ് കൗൺസിൽ അംഗങ്ങളെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കുമ്പോൾ സഭയോടും സമുദായത്തോടും പ്രതിബദ്ധത ഉള്ളവരെയും ഉറച്ച ക്രൈസ്തവ ബോദ്ധ്യങ്ങളോടെ സഹോദരങ്ങളുടെ നന്മയ്ക്കായി ത്യാഗപൂർവ്വം പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവരെയും തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിക്കുന്നവരും സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നവരും തങ്ങളുടെ അഭിപ്രായങ്ങൾ പക്വതയോടെയും വിവേകത്തോടെയും പ്രകടിപ്പിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ആദരിക്കുകയും ചെയ്യുന്നതിന് കഴിവും സന്നദ്ധതയും ഉള്ളവരുമായ നേതാക്കളെ തെരഞ്ഞെടുക്കണം. വിഭാഗീയ ചിന്തകൾക്കോ കക്ഷിതാല്പര്യങ്ങൾക്കോ അവസരം നൽകാതെ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവരെയാണ് തിരഞ്ഞെടുക്കേണ്ടത്. കത്തോലിക്കാ സഭയുടെ വിശ്വാസവും ധാർമ്മിക പ്രബോധനങ്ങളും പാലിക്കുന്നവരും പഠിപ്പിക്കുന്നവരുമായിരിക്കണം ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വര പ്രത്യയ ശാസ്ത്രങ്ങൾ വച്ചുപുലർത്തുന്നവരും, അവയോട് ബന്ധം പുലർത്തുന്നവരും, വിശ്വാസവിരുദ്ധ ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്നവരും, മദ്യാസക്തിക്ക് അടിമപ്പെട്ടിരിക്കുന്നവരും ഈ ആലോചനാസമിതിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ് (കോട്ടയം അതിരൂപതാ നിയമസംഗ്രഹം: പ്രതിനിധിയോഗം No 6).

അടുത്ത മൂന്ന് വർഷത്തെ നമ്മുടെ ഇടവകകളുടെയും അതിരൂപതയുടെയും വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്ന ഇവരിലൂടെ നമ്മുടെ അതിരൂപതയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയും ചൈതന്യവും ലഭിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: 1. ഈ സർക്കുലർ ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.